**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4296** **18-07-2022 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ എത്ര വീടുകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാനായിട്ടുണ്ട്; അറിയിക്കാമോ; | (എ) | പുരപ്പുറ സൗരോർജ്ജ പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 50 വീടുകളിലും അനെർട്ട് മുഖേന 3 വീടുകളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു. |
| (ബി) | പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി പ്രസ്തുത പദ്ധതിയിലൂടെ ഉല്പാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പ്ലാന്റുകളിൽ നിന്നും നിലവിൽ കെ.എസ്.ഇ.ബി.എൽ. മുഖേന (159.87 KW) ദിനംപ്രതി 639.48 യൂണിറ്റ് ഉല്പാദിപ്പിക്കുന്നു. പ്രതിമാസം കെ.എസ്.ഇ.ബി.എൽ. മുഖേന 19184.4 units ഉം അനെർട്ട് മുഖേന 3 സൗരോർജ്ജ പ്ലാന്റുകളിൽ നിന്ന് ഏകദേശം 1,200 യൂണിറ്റ് വൈദ്യുതിയും ഉല്പാദിപ്പിക്കുന്നുണ്ട്. |
| (സി) | പൂഞ്ഞാർ മണ്ഡലത്തിൽ നിന്നും ഇതുവരെ പ്രസ്തുത പദ്ധതിയ്ക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ സൗര പുരപ്പുറ പദ്ധതിയ്ക്കായി ഇതുവരെ കെ.എസ്.ഇ.ബി.എൽ.-ന് 515 അപേക്ഷകളും അനെർട്ടിന് 5 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. ഇവയിൽ നിന്നും കെ.എസ്.ഇ. ബി.എൽ. അനുയോജ്യമായ പുരപ്പുറങ്ങൾ കണ്ടെത്തി നിലവിൽ 50 സൗരനിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 465 സൈറ്റുകളുടെ പ്രാഥമിക സർവ്വേ നടന്നുവരുന്നു. പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. കെ.എസ്. ഇ.ബി.എൽ. എം-പാനൽ ചെയ്ത ഡെവലപ്പർമാർ വഴി അനെർട്ട് നിലവിലുള്ള അപേക്ഷകരിൽ 3 പേർക്ക് പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കുകയും ബാക്കിയുള്ള പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ